## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 1633

31/01/2018-ൽ മറുപടിയ്ക്ക്

## എം.എൻ. ലക്ഷം വീട് പദ്ധതി

| ചോദ്യം<br>ശ്രീ.എൽദോ എബ്രഹാം | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എം.എൻ. ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള ഇരട്ട വീടുകൾ പലതും കാലപ്പഴക്കം കൊണ്ട് വാസയോഗ്യമല്ലാതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം വീടുകളുടെ നവീകരണത്തിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും, കേരള സംസ്ഥാന ഹൗസിംഗ് ബോർഡുമായി ചേർന്നും ഇരട്ടവീടുകൾ ഒറ്റ വീടുകളായി നവീകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിരുന്നു. |
| (സി) | വാസയോഗ്യമല്ലാത്ത ഇരട്ടവീടുകൾ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ഒറ്റ വീടുകളായി നവീകരിക്കുന്നതിന് അനുമതി നൽകുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തി ഇരട്ടവീടുകൾ ഒറ്റ വീടുകളായി നവീകരിക്കുന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. നിലവിൽ എല്ലാ ഭവന പദ്ധതികളും ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ